# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 487 01.12.2015-ൽ മറുപടിക്ക്

## ശബരി റെയിൽപാത

**ചോദ്യം**

ശ്രീ. സാജു പോൾ :
" രാജു എബ്രഹാം :
" സി.കെ. സദാശിവൻ :
" ബാബു എം. പാലിശ്ശേരി :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിൽപാതയുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | (എ) | അങ്കമാലി - ശബരി റെയിൽപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അങ്കമാലി - കാലടി സെക്ഷനിൽ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. പെരിയാർ പാലത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. കാലടിക്കും പെരുമ്പാവൂരിനുമിടയിൽ എർത്ത് വർക്ക് പുരോഗതിയിലാണ്. |
| (ബി) | ശബരി റെയിൽപാത സംസ്ഥാനത്തിന്റെ പൊതു വികസനത്തിനടക്കം ഏറെ പ്രയോജനകരമാണെന്നതു കൂടി കണക്കിലെടുത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും വേണ്ടത്ര ജാഗ്രത കാട്ടുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (ബി) | ജാഗ്രത പുലർത്തുന്നുണ്ട്. റെയിൽവേ നിഷ്ക്കർഷിച്ച പ്രകാരം നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ശബരി പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷത്തെ റെയിൽ ബജറ്റിലാണെന്നും, അതിനുശേഷമുള്ള ബജറ്റുകളിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിന് വേണ്ട എന്തെങ്കിലും നടപടികൾ ആവശ്യമായ സമയത്ത് സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) | 1997-1998 റെയിൽവേ ബജറ്റിലാണ് ശബരി റെയിൽ പദ്ധതി പ്രഖ്യാപിച്ചത്. റെയിൽവേക്കും കേന്ദ്ര സർക്കാരിനും നൽകുന്ന മെമ്മൊറാണ്ടങ്ങളിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം തന്നെ സംസ്ഥാനത്തു നിന്നുള്ള എം.പി.മാർ മുഖാന്തിരം പലതവണ പ്രസ്തുത ആവശ്യം ഉന്നതതലങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇന്നത്തെ സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | റെയിൽവേ നിഷ്കർഷിച്ചത് പ്രകാരം പ്രൊജക്ട് കോസ്റ്റിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ച് റെയിൽവേയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ